**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 508** **09-07-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തേക്ക് നിക്ഷേപകരെ സ്വീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ വരുമാനവും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുന്നതിന് വേണ്ടി കേരളത്തിലേക്ക് നിക്ഷേപകരെ ക്ഷണിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തിന്റെ വരുമാനവും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുന്നതിനും, കേരളത്തിലേക്ക് നിക്ഷേപകരെ ആകർഷിക്കുന്നതിനും വേണ്ടി ഒട്ടനവധി നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നത്. സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, പുതിയ സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തി പരമ്പരാഗത വ്യവസായങ്ങളെ നവീകരിക്കുക, കേരള ബ്രാൻഡ് വികസിപ്പിക്കുക, അടിസ്ഥാന സൗകര്യങ്ങൾ പ്രവർത്തനക്ഷമമാക്കുക, തൊഴിലില്ലാത്ത വിദ്യാസമ്പന്നരായ യുവാക്കളുടെയും യുവതികളുടെയും സംരംഭകത്വ കഴിവുകളെ പരിപോഷിപ്പിക്കുക, വ്യവസായ-നൈപുണ്യം വർദ്ധിപ്പിക്കുക അതുവഴി മെച്ചപ്പെട്ട തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, മുൻഗണനാ മേഖല അടിസ്ഥാനമാക്കിയുള്ള വ്യവസായവൽക്കരണം എന്നിവ ലക്ഷ്യമിട്ട് സംസ്ഥാന വ്യവസായ നയം 2023 നടപ്പിലാക്കിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ എം.എസ്.എം.ഇ. ഇക്കോസിസ്റ്റം ശക്തിപ്പെടുത്തുക, കുറഞ്ഞത് 1 ലക്ഷം എം.എസ്.എം.ഇ കൾ പുതിയതായി സ്ഥാപിക്കുക, അതുവഴി 3 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക മുതലായ ലക്ഷ്യത്തോടെ കേരള സർക്കാർ 2022-23 സാമ്പത്തിക വർഷത്തെ “സംരംഭങ്ങളുടെ വർഷം" ആയി പ്രഖ്യാപിച്ചിരുന്നു. ഈ സംരംഭം വിജയകരമായി നടപ്പിലാക്കിയതിനെ തുടർന്ന് 2023-24 സാമ്പത്തിക വർഷത്തെയും “സംരംഭക വർഷം 2.0” ആയി പ്രഖ്യാപിക്കുകയും ടി പദ്ധതി മുഖേന 1,03,596 പുതിയ സംരംഭങ്ങൾ അധികമായി സ്ഥാപിതമാകുകയും 2,18,179 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും 7,048 കോടി രൂപയുടെ നിക്ഷേപം കൊണ്ടു വരുവാനും സാധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | വ്യവസായ സംരംഭകരെ സംസ്ഥാനത്തേക്ക് ആകർഷിക്കുവാനും അതുവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും സർക്കാർ കെ.എസ്.ഐ.ഡി.സി മുഖേന നടത്തിവരുന്ന പ്രധാന പരിപാടികളാണ് "മീറ്റ് ദി ഇൻവെസ്റ്റർ" പരിപാടിയും 'ഇൻവെസ്റ്റർ പിച്ച്' പരിപാടിയും. സർക്കാരിന്റെ നവീന ആശയങ്ങൾക് സഹായകമാകുന്നതിനു വേണ്ടി വ്യവസായ നയം പോലെ, ഗ്രഫീൻ നയം, കയറ്റുമതി പ്രോത്സാഹന നയം, കേരള ഇ.എസ്.ജി. നയം, ലോജിസ്റ്റിക്സ് നയം പോലുള്ള വിവിധ നയങ്ങൾ നിലവിൽ സർക്കാർ രൂപീകരിച്ചുകൊണ്ടിരിക്കുകയാണ്.<br><br>സംസ്ഥാനത്ത് വിദേശ നിക്ഷേപം ഉൾപ്പെടെയുള്ള നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ജനറൽ മാനേജരുടെ മേൽനോട്ടത്തിൽ ഒരു മൂന്നംഗ സമിതി രൂപീകരിച്ചിട്ടുണ്ട്. നിക്ഷേപ സാധ്യതകൾ ആരായുന്നതിനും, സംരംഭകരെ കണ്ടെത്തുന്നതിനും, അവർക്ക് ആവശ്യമായ ഹാൻഡ് ഹോൾഡിങ് സേവനങ്ങൾ നൽകുന്നതിനും വേണ്ട നടപടികൾ പ്രസ്തുത സമിതി ഉറപ്പാക്കുന്നു.<br><br>വ്യവസായ മേഖലയിൽ നൂതനവും അനിവാര്യവുമായ അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുതിലൂടെ കൂടുതൽ സംരംഭകർ സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നതിനായി മുന്നോട്ടുവരികയും അതിലൂടെ കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുവാനും കൂടുതൽ നിക്ഷേപം കൊണ്ടുവരുവാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിഞ്ഞിട്ടുണ്ട്.<br><br>വ്യാവസായിക നിക്ഷേപം ആകർഷിക്കുന്നതിനും നിക്ഷേപകർക്ക് സംരംഭം ആരംഭിക്കുന്നത് എളുപ്പമാക്കുന്നതിനുമായി പുതിയ നിയമനിർമ്മാണം നടത്തുകയും നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും ലഘൂകരിക്കുകയും ചെയ്യുതിലൂടെ സംരംഭകർക്ക് നിക്ഷേപം നടത്തുന്നതിന് സൗഹൃദാന്തരീക്ഷമുള്ള സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് K-SWIFT ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനം വഴി ഉപഭോക്താക്കൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ അനുബന്ധ സേവനങ്ങളും നിയമാനുസൃതമായ ക്ലിയറൻസുകളും വേഗത്തിലും സുതാര്യമായും ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | നിക്ഷേപകർക്ക് നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ഒരു | (ബി) | നിക്ഷേപകർക്ക് നേരിടേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ |

| | | | |
|---|---|---|---|
| | പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | | "Chat With Minister" എന്ന സംവിധാനം നിലവിലുണ്ട്.<br><br>മീറ്റ് ദി ഇൻവെസ്റ്റർ പരിപാടി മുഖേന നിക്ഷേപകർക്ക് വകുപ്പ് മന്ത്രിയുമായി നേരിട്ട് സംവദിക്കുവാൻ സാധിക്കുന്നതാണ്. നിക്ഷേപകർ നേരിടുന്ന ബുദ്ധിമുട്ടുകൾ വകുപ്പ് മന്ത്രിയെ അറിയിക്കുവാനും, അത് പരിഹരിക്കപ്പെടുവാനും പ്രസ്തുത പരിപാടി മുഖേന സാധിച്ചിട്ടുണ്ട്. മീറ്റ് ദി ഇൻവെസ്റ്റർ പരിപാടിയുടെ ഭാഗമായുള്ള പദ്ധതികളുടെ അവലോകനം വകുപ്പ് മന്ത്രിയുടെയും, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെയും കെ.എസ്.ഐ.ഡി.സി മാനേജിംഗ് ഡയറക്ടറുടെയും നേതൃത്വത്തിൽ സമയാസമയങ്ങളിൽ നടന്നു പോരുന്നുണ്ട്. കൂടാതെ കെ.എസ്.ഐ.ഡി.സി, ജനറൽ മാനേജറുടെ നേതൃത്വത്തിൽ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ടീം സംസ്ഥാനതലത്തിലും ദേശീയതലത്തിലും വ്യവസായികളെയും നിക്ഷേപകരെയും നേരിൽ കണ്ട് സംസ്ഥാനത്തേക്ക് വ്യവസായം/നിക്ഷേപം കൊണ്ടുവരുവാനും നിക്ഷേപകർക്ക് ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരികയാണെങ്കിൽ അവ പരിഹരിക്കുവാനുമുള്ള പരിശ്രമങ്ങൾ നടത്തി വരുന്നുണ്ട്. കൂടാതെ online grievance redressal system എന്ന സംവിധാനം ജില്ലാതലത്തിൽ പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ